Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

08th July 2016

## കൂറുമാറിയതിന് അയോഗ്യത

കൂറുമാറിയതിന് ആലപ്പുഴ അരൂർ ഗ്രാമപഞ്ചായത്തിലെ മുൻ അംഗങ്ങളായിരുന്ന ജനാധിപത്യ സംരക്ഷണ സമിതി (ജെ.എസ്.എസ്)യിലെ രണ്ട് പേരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് 2014 മാർച്ച് മൂന്നിന് നടന്ന തിരഞ്ഞെടുപ്പ് യോഗത്തിൽ നിന്ന് ഇവർ പാർട്ടി വിപ്പ് ലംഘിച്ച് പങ്കെടുക്കാതിരുന്നതിനെ തുടർന്ന് അതേ ഗ്രാമപഞ്ചായത്തിലെ മറ്റൊരംഗമായ വി.കെ.ഗൗരീശൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നൽകിയ വ്യത്യസ്ത ഹർജികളിലാണ് പൊതു തീരുമാനം. അരൂർ ഗ്രാമപഞ്ചായത്ത് 19-ാം വാർഡ് അംഗമായിരുന്ന നൈസി ലോറൻസ്, 14-ാം വാർഡ് അംഗമായിരുന്ന അജിതാ രമേശൻ എന്നിവർക്കാണ് അയോഗ്യത. കൂറുമാറ്റ നിരോധന നിയമ പ്രകാരം ആറു വർഷത്തേക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽ നിന്നും ഇവരെ കമ്മീഷൻ വിലക്കി. ഹർജിക്കാരനുവേണ്ടി അഡ്വക്കേറ്റ് സലിൻ.എസ്.രാജൻ തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 34/2016)*